# Malayala Manorama

# 20 August 2018

# Kochi, Kakkanad, Flood Victims, Relief Camps, Sanitation

# മെല്ലെ കരകയറുന്നു

- രണ്ടര ലക്ഷത്തിലേറെ പേർ ദുരിതാശ്വാസ ക്യാംപുകളിൽ
- ഇന്നലെ മാത്രം ക്യാംപുകളിലേക്കു മാറ്റിയത് എൺപതിനായിരത്തോളം പേരെ

കാക്കനാട് ● രക്ഷപ്പെടുത്തികൊണ്ടുവന്നവർ ഉൾപ്പെടെ ജില്ലയിലെ രണ്ടര ലക്ഷത്തിലേറെ പേർ ഇപ്പോഴും ദിരിതാശ്വാസ ക്യാംപുകളിൽ. 733 ക്യാംപുകളിലായി 2,61,634 പേരാണു ക്യാംപുകളിൽ കഴിയുന്നത്.

65,590 കുടുംബങ്ങളിൽ നിന്നുള്ളവരാണിവർ. ഇന്നലെ മാത്രം എൺപതിനായിരത്തോളം പേരെ ക്യാംപുകളിലേക്കു മാറ്റി. എത്ര പേരെ ഇനി രക്ഷിക്കാനുണ്ടെന്ന കാര്യത്തിൽ മാത്രം ഇപ്പോഴും കൃത്യമായ കണക്കില്ല. പറവൂർ താലൂക്കിൽ 171 ക്യാംപുകളിലായി 51,150 പേർ കഴിയുന്നുണ്ട്.

മറ്റു മേഖലകളിലെ ക്യാംപുകളുടെ എണ്ണവും അവിടെ കഴിയുന്നവരും: ആലുവ 129- 35,400, കൊച്ചി 65-80,245, മൂവാറ്റുപുഴ 88-22,901, കണയന്നൂർ 164-30,347, കുന്നത്തുനാട് 88-36,420, കോതമംഗലം 28-5,171.

രക്ഷാ പ്രവർത്തകർ കരയ്ക്കെത്തിക്കുന്നവരെയും ക്യാംപുകളിലേക്കാണു മാറ്റുന്നത്. ഒറ്റപ്പെട്ട പ്രദേശങ്ങളിലെ വീടുകളിലും മറ്റു കെട്ടിടങ്ങളിലുമായി കുറേ പേർ ഇപ്പോഴും അവശേഷിക്കുന്നുണ്ട്.

വെള്ളം കയറാൻ സാധ്യതയുള്ള മേഖലകളിൽ നിന്നൊഴിപ്പിക്കുന്നവരെയും ദുരിതാശ്വാസ ക്യാംപുകളിലാണെത്തിക്കുന്നത്.

ഒട്ടേറെ ക്യാംപുകളിൽ വെള്ളം കയറിയതിനാൽ പുതിയ സ്ഥലങ്ങളിലേക്കു മാറ്റി.

വെള്ളപ്പൊക്ക ദുരിതം കാര്യമായി ബാധിക്കാത്ത പ്രദേശങ്ങളിലാണ് ഇപ്പോൾ ക്യാംപുകൾ തുറക്കുന്നത്.

## കൊച്ചി നഗരത്തിൽ 90 ദുരിതാശ്വാസ ക്യാംപുകൾ

### ശുചീകരണ പ്രവർത്തനവുമായി ഹെൽത്ത് വിഭാഗം ജീവനക്കാർ

കൊച്ചി ● പ്രളയ ദുരിതബാധയെ തുടർന്നു നഗരത്തിന്റെ വിവിധ ഭാഗങ്ങളിലും സമീപ മുനിസിപ്പാലിറ്റി, പഞ്ചായത്ത് മേഖലകളിലും നിന്നെത്തിയവർക്കായി നഗരത്തിൽ പ്രവർത്തിക്കുന്നതു തൊണ്ണൂറ് ക്യാംപുകൾ. ജനങ്ങളുടെ സഹായത്തിനു നഗരസഭാ തലത്തിലും സോണൽ തലത്തിലും ദുരിതനിവാരണ സെൽ പ്രവർത്തിക്കുന്നുണ്ട്.

ഡിവിഷൻ കൗൺസിലർമാരുടെ നേതൃത്വത്തിൽ നഗരസഭാ ജീവനക്കാരെ ക്യാംപുകളിൽ നിയോഗിച്ചിട്ടുണ്ട്. ഹെൽത്ത് വിഭാഗം ജീവനക്കാർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പകർച്ചവ്യാധികൾ പടരാതിരിക്കാനും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമായി നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാർക്കു മുൻകൂർ തുക അനുവദിച്ചിരുന്നു.

കുടിവെള്ളത്തിന്റെ ലഭ്യതക്കുറവുള്ളതിനാൽ കുടിക്കാൻ വേണ്ടിയല്ലാതെ വെള്ളം പാഴാക്കരുതെന്ന് അറിയിപ്പുണ്ട്. ശുദ്ധജല സ്രോതസ്സുകൾ ഉള്ളവർ ക്യാംപുകളിൽ, കുടിവെള്ളം എത്തിക്കാൻ നഗരസഭാ ദുരന്ത നിവാരണ സെല്ലുമായി (98092 50777) ബന്ധപ്പെടണം.

കുടിവെള്ള സ്രോതസ്സുകൾ സൂപ്പർ ക്ലോറിനേഷൻ നടത്തി ഉപയോഗിക്കാൻ വേണ്ട നിർദേശങ്ങൾക്കായി അതതു ഹെൽത്ത് ഇൻസ്പെക്ടർ സർക്കിൾ ഓഫിസുമായി ബന്ധപ്പെടണം.

ജനങ്ങളിൽനിന്നു സംഭാവനകൾ സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും എറണാകുളം നോർത്ത് ടൗൺ ഹാളിലും (ഫോൺ: 94471 50574) ഫോർട്ട്കൊച്ചി വെസ്റ്റ് യുപിഎഡി ഓഫിസിലും (94972 81180) സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നു നഗരസഭാ സെക്രട്ടറി അറിയിച്ചു.